

## ശൈഖ് ഫൈസ്വൽ മൗലവിയുടെ ഫത്‌വ

# ഇന്ത്യയിൽ സായുധ പ്രതിരോധം അനാവശ്യം

**ലബനാനിലെ ശരീഅഃ സുപ്രീംകോർട്ടിലെ അംഗവും അതിന്റെ ഉപദേഷ്ടാവുമായിരുന്ന ശൈഖ് ഫൈസ്വൽ മൗലവി, ഏറെക്കാലം യൂറോപ്പിൽ ബഹുസ്വരസമൂഹത്തിൽ ഇസ്‌ലാമിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ വ്യക്തിത്വവും ഇപ്പോൾ യൂറോപ്യൻ ഫത്‌വാ കൗൺസിലിന്റെ ഉപാധ്യക്ഷനുമാണ്. ന്യൂനപക്ഷ കർമശാസ്ത്രത്തിൽ അഗ്രഗണ്യനായ അദ്ദേഹം തദ്‌വിഷയകമായി ഒട്ടേറെ പഠനങ്ങളും ഗവേഷണപ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലബനാനിലെ ഇസ്‌ലാമിക പ്രസ്ഥാനമായ അൽ ജമാഅത്തുൽ ഇസ്‌ലാമിയ്യയുടെ മുഖ്യ കാര്യദർശി കൂടിയാണ് ഫൈസ്വൽ മൗലവി.**

**അല്ലാഹുവിന്റെ** മാർഗത്തിലുള്ള ജിഹാദ്, അന്ത്യനാൾവരെ നിലനിൽക്കുന്ന നിർബന്ധ ബാധ്യതയാണ്. പക്ഷേ, ഭൂരിപക്ഷം പണ്ഡിതന്മാരും മദ്ഹബുകളും അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ, മുസ്‌ലിംകളുടെ ഇമാം മുഖേനയല്ലാതെ അത് നടപ്പിലാക്കാവതല്ല. അതിനാൽ, ഏതെങ്കിലുമൊരു മുസ്‌ലിമിന്, ജിഹാദെന്നും പറഞ്ഞ് ആയുധമെടുക്കാനും ജനങ്ങളോട് യുദ്ധം ചെയ്യാനും അനുവാദമില്ല.

മുസ്‌ലിംകൾ മറ്റ് മതസ്ഥരോടൊപ്പം ജീവിക്കുന്ന നാട്ടിൽ, അവർ നിർബന്ധമായും പാലിക്കേണ്ട മതവിധികളുണ്ട്. അവയെ ഇങ്ങനെ സംഗ്രഹിക്കാം:

1) തങ്ങൾ ജീവിക്കുന്ന ഏതു സമൂഹത്തിലും, അല്ലാഹുവിന്റെ മാർഗത്തിലേക്ക് ക്ഷണിക്കുന്ന പ്രബോധകന്മാർ എന്നതാകുന്നു, അടിസ്ഥാനപരമായി മുസ്‌ലിംകളുടെ സ്ഥാനം. കാരണം അല്ലാഹു പറഞ്ഞിരിക്കുന്നു: "പ്രവാചകരേ, യുക്തിപൂർവമായും ശ്രേഷ്ഠമായ സദുപദേശത്തോടുകൂടിയും താങ്കളുടെ നാഥന്റെ സരണിയിലേക്ക് പ്രബോധനം ചെയ്യുക. ഉത്കൃഷ്ടമായ രീതിയിൽ ജനങ്ങളോട് സംവാദം ചെയ്യുക. തന്റെ മാർഗത്തിൽനിന്ന് വ്യതിചലിച്ചവരാരെന്നും സന്മാർഗഗ്രസ്തരാരെന്നും കൂടുതൽ നന്നായറിയുന്നവൻ തങ്ങളുടെ നാഥൻ തന്നെയാകുന്നു"(*അന്നഹ്ൽ*:125).

റസൂലി(സ)ന്റെ സാന്നിധ്യത്തിൽ മക്കയിൽ മുസ്‌ലിംകൾ അതാണ് നിർവഹിച്ചത്. അതിനിടയിൽ എല്ലാതരം പീഡനങ്ങളും സഹിക്കാനായിരുന്നു അവർ കൽപിക്കപ്പെട്ടത്. തങ്ങൾ ജീവിക്കുന്ന സമൂഹത്തിൽ യുദ്ധം നടത്താൻ അവർക്ക് അനുവാദം നൽകപ്പെട്ടില്ല. 'നിങ്ങളുടെ കൈകളെ (യുദ്ധത്തിൽ നിന്ന്) തടഞ്ഞുവെക്കുക' (*അന്നിസാഅ്*: 77) എന്നായിരുന്നു അല്ലാഹു പറഞ്ഞത്.

അതായത്, സ്വയം പ്രതിരോധത്തിന് വേണ്ടിപോലും ആയുധമെടുക്കുന്നതിൽ നിന്ന് ഇസ്‌ലാം അവരെ തടഞ്ഞു. മുസ്‌ലിംകളോടുള്ള ജൂതന്മാരുടെ നിലപാട് കുപ്രസിദ്ധമാണെന്നിരിക്കെത്തന്നെ മദീനയിലെ ജൂതന്മാരുമായി കരാറുണ്ടാക്കാൻ പ്രവാചകനെ പ്രേരിപ്പിച്ചതിന്റെ കാരണങ്ങളിലൊന്ന് അതായിരിക്കാം. ഒന്നിച്ചു കഴിയുന്ന ഒരു സമൂഹത്തിൽ കൊല്ലും കൊലയും പൊട്ടിപ്പുറപ്പെടുന്നത് ഇസ്‌ലാം ഇഷ്ടപ്പെടുന്നില്ല. പകരം, ചില പ്രയാസങ്ങൾ നേരിടേണ്ടിവന്നാൽ പോലും മറ്റുള്ളവരുമായി സഹജീവിച്ച് സമാധാനപരമായ പ്രബോധന പ്രവർത്തനങ്ങൾ നടത്തണം മുസ്‌ലിംകൾ എന്നാണ് ഇസ്‌ലാം ആഗ്രഹിക്കുന്നത്. മറ്റുള്ളവരുമായുള്ള ബന്ധത്തിൽ തിന്മയെ നന്മകൊണ്ട് തടുക്കാനാണ് ഇസ്‌ലാം മുസ്‌ലിംകളോട് ആഹ്വാനം ചെയ്തിട്ടുള്ളത്: "പ്രവാചകരേ, നന്മയും തിന്മയും തുല്യമാവുകയില്ല. താങ്കൾ തിന്മയെ ഏറ്റം ഉത്കൃഷ്ടമായ നന്മകൊണ്ട് പ്രതിരോധിക്കുക. അപ്പോൾ താങ്കളോട് വൈരത്തിൽ വർത്തിക്കുന്നവൻ ആത്മമിത്രമായിത്തീരുന്നത് താങ്കൾക്ക് കാണാം" (*ഫുസ്സിലത്ത്*: 34).

ഉപദ്രവം രൂക്ഷമാവുകയും അത് ഫിത്നയുടെ പരിധിയോളമെത്തുകയും ചെയ്താൽ (ഇസ്‌ലാമിനെ ഉപേക്ഷിക്കേണ്ടിവരികയോ വ്യക്തിജീവിതത്തിലെ നിർബന്ധ കർമങ്ങൾ നിർവഹിക്കുന്നതിൽനിന്ന് തടയപ്പെടുകയോ ചെയ്യുന്ന അവസ്ഥ) അല്ലാഹു മുസ്‌ലിംകൾക്ക് ഹിജ്‌റഃ (പലായനം) ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്. തങ്ങളുടെ ജീവന്നും അഭിമാനത്തിനും സുരക്ഷിതത്വമുള്ള സ്ഥലത്തേക്ക് അവർക്ക് പലായനം ചെയ്യാം. അല്ലാഹു പറഞ്ഞു: "പരീക്ഷിക്കപ്പെട്ടപ്പോൾ സ്വഗേഹങ്ങൾ വെടിഞ്ഞ് പലായനം ചെയ്യുകയും ദൈവികസരണിയിൽ ക്ലേശങ്ങളനുഭവിക്കുകയും സഹനമവലംബിക്കുകയും ചെയ്തവരാരോ, അവരെ സംബന്ധിച്ചേടത്തോളം നിന്റെ റബ്ബ് തീർച്ചയായും ഏറെ മാപ്പരുളുന്നവനും ദയാപരനുമാകുന്നു" (*അന്നഹ്ൽ*: 110). സ്വഹാബിമാർ റസൂലിന്റെ അനുവാദത്തോടെ രണ്ടുതവണ എത്യോപ്യയിലേക്ക് പലായനം ചെയ്തു. മദീനയിൽ ഇസ്‌ലാമിക രാഷ്ട്രം നിലവിൽവന്നശേഷം പോലും, കൃത്യമായി പറഞ്ഞാൽ, ഹിജ്റ ഏഴാം വർഷത്തിലെ ഖൈബർ യുദ്ധംവരെ, അവരവിടെ തങ്ങി. ഫിത്നക്ക് വിധേയമാവാത്തിടത്തോളം, അനിസ്‌ലാമിക സമൂഹത്തിൽ പ്രബോധന ബാധ്യത നിർവഹിച്ചുകൊണ്ട് മുസ്‌ലിംകൾക്ക് ജീവിക്കാവുന്നതാണ് എന്നതിന്റെ തെളിവുകൂടിയാണത്.

2) ഒരൊറ്റ രാഷ്ട്രത്തിൽ, മുസ്‌ലിംകൾക്കും മറ്റുള്ളവർക്കുമിടയിലുള്ള ഈ സഹവർത്തിത്വം, ഇക്കാലത്ത് ഭരണഘടനാനുസൃതമായി നടക്കുന്നൊരു കാര്യമാണ്. പൗരന്മാരുടെ മതസ്വാതന്ത്ര്യം, ആരാധനാ സ്വാതന്ത്ര്യം, പ്രബോധന സ്വാതന്ത്ര്യം പോലുള്ള അവകാശങ്ങൾ സംരക്ഷിക്കുന്ന ഭരണഘടനാ പ്രകാരമുള്ള സഹവർത്തിത്വമാണത്. നാം മനസ്സിലാക്കുന്നതുപോലെ, ഇന്ത്യൻ ഭരണഘടന മുസ്‌ലിംകൾക്ക് സ്വാതന്ത്ര്യം ഉറപ്പു നൽകുകയും അതവർ സ്വീകരിക്കുകയും തങ്ങളുടെ ഹിന്ദുപൗരന്മാരോടൊപ്പം ഒരൊറ്റ രാഷ്ട്രത്തിൽ ജീവിക്കാമെന്ന് ധാരണയാവുകയും ചെയ്തിരിക്കുന്നു. അവർക്കവിടെ തങ്ങളുടെ വ്യക്തി സ്വാതന്ത്ര്യം അനുഭവിക്കാനാവുന്നുണ്ട്, ഫിത്നക്ക് അവർ വിധേയരാകുന്നില്ല. എന്നിരിക്കെ, തങ്ങൾ ജീവിക്കുന്ന സമൂഹത്തിനെതിരെ സായുധ പുറപ്പാട് നടത്തുന്നത് അനുവദനീയമല്ല. അങ്ങനെ ചെയ്താൽ അവർ തങ്ങളുടെ കരാർ ലംഘിച്ചു. ഇസ്‌ലാം കരാറുകൾ പാലിക്കാൻ കൽപിക്കുകയും അവ ലംഘിക്കുന്നത് നിരോധിക്കുകയും ചെയ്തിരിക്കുന്നു. അനവധി വചനങ്ങളിലൂടെ ഖുർആനും സുന്നത്തും ഊന്നിപ്പറഞ്ഞ കാര്യമാണിത്.

3) അമുസ്‌ലിംകളിൽ ചിലയാളുകൾ, ഈ കൂട്ടു ജീവിതത്തിന്റെ ഉടമ്പടികൾ ലംഘിച്ചാൽ, അല്ലെങ്കിൽ രാജ്യത്തിന്റെ ഭരണഘടന ലംഘിച്ചാൽ അത്, ഉടമ്പടി ലംഘിക്കാൻ മുസ്‌ലിംകൾക്ക് ന്യായമാവുന്നില്ല.

ഹിന്ദു തീവ്രവാദികൾ മുസ്‌ലിംകളെ കൊല്ലുന്നുണ്ടെങ്കിൽ, ഭരണഘടനയും നിയമങ്ങളും അനുവദിക്കുന്ന മാർഗങ്ങളിലൂടെ സ്വന്തത്തെ പ്രതിരോധിക്കാൻ മുസ്‌ലിംകൾക്കവകാശമുണ്ട്. അങ്ങനെയാവുമ്പോൾ, അക്രമികളെ ക്രിമിനലുകളെന്ന നിലക്ക് ശിക്ഷിക്കേണ്ടത് രാഷ്ട്രത്തിന്റെ ബാധ്യതയായിത്തീരും. അവരെ ശിക്ഷിക്കേണ്ട ബാധ്യതകൾ മുസ്‌ലിംകൾ ഏറ്റെടുക്കേണ്ടതില്ല.

തീവ്രവാദികൾ സായുധമായല്ലാതെ, വെറും തീവ്രവാദ നിലപാടുകൾ സ്വീകരിക്കുക മാത്രമേ ചെയ്യുന്നുള്ളൂവെങ്കിൽ അവർ അമുസ്‌ലിംകളാണെന്നിരിക്കെത്തന്നെ അവർക്കു നേരെ ആയുധമെടുക്കാൻ പാടുള്ളതല്ല. കാരണം അവർ ഉടമ്പടിയിലുള്ളവരാണ്. മദീനാ ഉടമ്പടിയനുസരിച്ച് ജൂതന്മാർ മുസ്‌ലിംകളോടൊപ്പം ജീവിച്ചു. അവർ ആ ഉടമ്പടി ലംഘിക്കുകയും വാക്കുകളെ അവയുടെ സ്ഥാനത്തുനിന്ന് മാറ്റിമറിക്കുകയും ചെയ്തു. ചിലർ വ്യക്തമായ വഞ്ചന ചെയ്തു. എന്നിട്ടും അല്ലാഹു മുസ്‌ലിംകളോട് കൽപിച്ചത് അവരോട് വിട്ടുവീഴ്ച ചെയ്യാനാണ്. അമുസ്‌ലിംകളോടൊപ്പം കൂട്ടായി ജീവിക്കുന്നതിനും ഏതു സാഹചര്യത്തിലും പ്രബോധന ബാധ്യത നിർവഹിക്കുന്നതിനും ഇസ്‌ലാം എന്തുമാത്രം താൽപര്യമെടുക്കുന്നുവെന്നതിന്റെ തെളിവാണിത്. അല്ലാഹു പറയുന്നു: "പിന്നീട് അവരുടെ പ്രതിജ്ഞാലംഘനം മൂലം നമ്മുടെ അനുഗ്രഹത്തിൽനിന്ന് നാമവരെ ആട്ടിയകറ്റുകയും അവരുടെ ഹൃദയങ്ങളെ കടുപ്പിക്കുകയും ചെയ്തു. അവർ പദങ്ങളെ വളച്ചൊടിച്ച് കാര്യങ്ങൾ ഇഷ്ടാനുസാരമാക്കിത്തീർക്കുന്നു. നാം നൽകിയ ഉദ്ബോധനങ്ങളുടെ വലിയൊരു ഭാഗം അവർ മറന്നുകളയുകയും ചെയ്തു. വരുംനാളിൽ അവരുടെ വഞ്ചനകൾ ഓരോന്നായി താങ്കൾ അറിഞ്ഞുകൊണ്ടേയിരിക്കും. ഈ ന്യൂനതയിൽനിന്ന് സുരക്ഷിതരായവർ അക്കൂട്ടത്തിൽ തുലോം വിരളമാകുന്നു. അതിനാൽ അവരോട് ക്ഷമിക്കുക. അവരുടെ ചെയ്തികളുടെ നേരെ കണ്ണടക്കുക. നിശ്ചയം നന്മയിൽ താൽപര്യമുള്ളവരെ അല്ലാഹു സ്നേഹിക്കുന്നുണ്ട്" (*അൽ മാഇദഃ* 13). ■

**സമ്പാ: ഡോ. അബ്ദുസ്സലാം വാണിയമ്പലം**